കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നയൂർ ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1044/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ : 0487 2331249
ഇമെയിൽ: dotsr.ksad@kerala.gov.in
തീയതി:03/09/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പുന്നയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്

പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

തീയ്യതി: നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1044/2019 തീയതി.03/09/2019

## തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.18 മുതൽ 02.07.2019 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ലത.എം.എൻ., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.19 മുതൽ 12.07.19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | തുളസീദാസ്.വി.ജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ഹണി.കെ.എസ്. | അസിസ്റ്റന്റ് |

| | | |
|---|---|---|
| | | ഓഡിറ്റ് ഓഫീസർ |
| | ഷൈനി കൃഷ്ണദാസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രേഖ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സുമ.വി.കെ. | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

<u>പ്രസിഡണ്ട്</u>

| | |
|---|---|
| ശ്രീമതി.ഷഹർബാൻ | 01/04/2018 മുതൽ 31/08/18 വരെ |
| ശ്രീമതി. സീനത്ത് അഷ്റഫ് (ഇൻ ചാർജ്) | 01/09/18 മുതൽ 21/09/18 വരെ |
| ശ്രീമതി.ബുഷറ കുന്നമ്പത്ത് | 22/09/18 മുതൽ 31/03/19 വരെ |

<u>സെക്രട്ടറി</u>

| | |
|---|---|
| അനിൽകുമാർ.ജി | 01.04.18 മുതൽ 23.4.18 FNവരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -എ.സയിദാബീഗം (അസി.സെക്രട്ടറി) | 23.4.18 AN മുതൽ 30.04.18 FNവരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -തോമസ് ഏലിയാസ് രാജൻ | 30.04.18 AN മുതൽ18.06.18 FN വരെ |
| അനിൽകുമാർ.ജി | 18.06.18 AN മുതൽ 22.06.18 FN വരെ |
| ഷെരീഫ് .എൻ.എം | 22.06.18AN മുതൽ 24.06.18 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ്-സുഹാസ് സി.എം | 25.06.18 മുതൽ 10.07.18 വരെ |
| അജില .യു എസ് | 11.07.18 മുതൽ 12.07.18 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ്-സുഹാസ് സി.എം | 13.07.18 മുതൽ 05.08.18 വരെ |
| ജോണി .പി | 06.08.18 മുതൽ 05.12.18 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ്-സുരേഷ് | 06.12.18 മുതൽ |

| | |
|---|---|
| ബാബു ചിറ്റഴി | 24.03.19 വരെ |
| അരുൺ കുമാർ.കെ.കെ | 25.03.19മുതൽ 31.03.19 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | എ.സയിദാബീഗം | 1.4.18 മുതൽ 30.04.18 വരെ |
| | ഒഴിവ് | 1.5.18 മുതൽ 24.06.18 വരെ |
| | സുഹാസ് സി.എം | 25.06.18 മുതൽ 09.10.18 FN വരെ |
| | സുരേഷ് ബാബു ചിറ്റഴി | 09.10.18 AN മുതൽ 31.03.19 വരെ |
| അസി.എഞ്ചിനീയർ | നിഖിൽരാജ് സി.എൻ | 1.4.18 മുതൽ 30.06.18 FN വരെ |
| | നസിയ പി.എം | 30.06.18 AN മുതൽ 10.07.18 വരെ |
| | ഒഴിവ് | 11.07.18 |
| | ശാലിനി എം.ആർ | 12.07.18 മുതൽ 26.11.18 FN വരെ |
| | അനീഷ്യ.കെ.എസ് | 26.11.18 AN മുതൽ 31.12.18 FN വരെ |
| | ഗ്രീഷ്മ പ്രദീപ് | 31.12.18 AN മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | സുജീഷ്. എസ് | 1.4.18 മുതൽ 15.01.19 വരെ |
| | അഷീഷ്.ഐ (ഇൻചാർജ്) | 16.01.19 മുതൽ 01.03.19 FN വരെ |
| | രമ്യ.വി.എം | 01.03.19 AN മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | ഡോ.നിത ടി.ജി | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. രാഖി.എൻ | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.സഹീർ അബ്ദു | 01.04.18 മുതൽ 31.03.19 വരെ |
| | നിത ജോർജ് | 01.04.18 മുതൽ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | | 15.12.18 FN വരെ |
| | ആരതീ കൃഷ്ണ | 15.12.18 AN മുതൽ 31.3.19 വരെ |
| ഹെഡ്മിസ്ട്രസ് | നസീമ ബീഗം | 01.04.18 മുതൽ 31.03.19 വരെ |
| വി ഇ ഒ (എടക്കഴിയൂർ സർക്കിൾ) | പ്രമോദ്. പി.ആർ | 01.04.18 മുതൽ 31.03.19 വരെ |
| വി ഇ ഒ (അകലാട്, പുന്നയൂർ സർക്കിൾ) | ദീപക്. സി.ആർ. | 01.04.18 മുതൽ 23.08.18 FN വരെ |
| | ഷക്കീർ.ടി.വി | 23.08.18 AN മുതൽ 31.3.19 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | സിനി വിൽസൻ | 01.04.18 മുതൽ 04.09.18 FNവരെ |
| | ഫാത്തിമ .പി.എ | 04.09.18 AN മുതൽ 31.03.19 വരെ |

## ഉള്ളടക്കം


| ഭാഗം 1 | | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 | | |
| 13 | സാംഖ്യ, മാന്വൽ രശീതി പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |

| | | |
|---|---|---|
| 14 | മാന്വൽ രശീതി ഉപയോഗിച്ച് വസ്തുനികുതി പിരിവ് സഞ്ചയയിലേക്ക് രേഖപ്പെടുത്തിയതിലെ അപാകതകൾ | 2-2 |
| 15 | മണ്ണ് ലേലം -തുക പൂർണ്ണമായി അടവാക്കിയില്ല | 2-3 |
| 16 | പൊളിച്ചു കളഞ്ഞ കെട്ടിടങ്ങൾക്ക് ചട്ടത്തിന് വിരുദ്ധമായി കുടിശ്ശിക എഴുതിത്തള്ളി നികുതി ഇളവ് നൽകിയിരിക്കുന്നു | 2-4 |
| 17 | വസ്തു നികുതി -അപാകതകൾ | 2-5 |
| 18 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 2-6 |
| 19 | പെർമിറ്റ് --അപാകതകൾ | 2-7 |
| 20 | ഡി ആന്റ് ഓ ലൈസൻസ് അപാകതകൾ | 2-8 |
| 21 | തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല | 2-9 |
| 22 | നിർജീവ അക്കൗണ്ടുകൾ അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | |
| ഭാഗം 3 | | |
| 23 | എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കിലുള്ള ടെണ്ടറിന് അംഗീകാരം നല്കിയത് ക്രമപ്രകാരമല്ല | 3-1 |
| 24 | പുന്നയൂർ പി.എച്ച്.സി. യിൽ പകൽവീട് നിർമ്മാണം - അപാകതകൾ | 3-2 |
| 25 | കാലതാമസത്തിന് ഫൈൻ ഈടാക്കുന്നില്ല. | 3-3 |
| 26 | നിർമ്മാണ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുന്നതിനുള്ള പ്രവണത ഏറുന്നു-വിവിധ പ്രവൃത്തികളിലായി ലക്ഷങ്ങൾ മുടങ്ങിക്കിടക്കുന്നു. | 3-4 |
| 27 | ബഡ്സ് സ്കൂൾ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 3-5 |
| 28 | മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 3-6 |
| 29 | എച്ച്.എം. നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ | 3-7 |
| 30 | വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-8 |
| 31 | നീർത്തട മാസ്റ്റർ പ്ലാൻ - ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-9 |
| 32 | സമഗ്ര നെൽകൃഷി വികസം - പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രം വാങ്ങുന്നില്ല. | 3-10 |
| 33 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-11 |
| 34 | തനതു ഫണ്ട് വൗച്ചറുകളിലെ അപാകതകൾ | 3-12 |
| 35 | രേഖകൾ ഹാജരാക്കിയിട്ടില്ല | 3-13 |
| 36 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3-14 |
| 37 | വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭിച്ചിട്ടില്ല | 3-15 |
| 38 | സാധനങ്ങൾ വാങ്ങൽ നടപടികൾ – അപാകതകൾ | 3-16 |
| 39 | ആദായനികുതി ഈടാക്കിയിട്ടില്ല. | 3-17 |
| 40 | തെരുവുവിളക്ക് - പഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല | 3-18 |
| 41 | കുടിവെള്ള വിതരണം – അപാകതകൾ | 3-19 |
| ഭാഗം 4 | | |

| | | |
|---|---|---|
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 55 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 58 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 59 | അനുബന്ധം-2- ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

28-03-2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 198322478.63 രൂപയും ചെലവ് 193454300 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 03.6.19 | --- | 11.06.19 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 04-07-2019 മുതൽ 12-07-2019 വരെ |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7107611.23 |
| വരവ് | 128684678 |
| ആകെ | 135792289.23 |

| | |
|---|---|
| ചെലവ് | 95664024 |
| നീക്കിയിരിപ്പ് | 40128265.23 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 24831000 | 24831000 | 21260507 | 3570493 |
| വികസന ഫണ്ട്- SCP | 0 | 5958000 | 5958000 | 4868177 | 1089823 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 47000 | 47000 | 0 | 47000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6937000 | 6937000 | 6488331 | 448669 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6169000 | 6169000 | 5497299 | 671701 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10299000 | 10299000 | 8303112 | 1995888 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)കേന്ദ്രം | 0 | 0 | 0 | 0 | 0 |
| സംസ്ഥാനം | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 3399 | 120.81 | 3519 | 0 | 3519.81 |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 0 | 33884344 | 33884344 | 33884344 | 0 |
| | 6755 | 633100 | 639855 | 639855 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | 2237005 | 619900 | 2856905 | 1958609 | 898296 |
| ടോട്ടൽ സാനിറ്റേഷൻ | 468000 | 1300000 | 1768000 | 200000 | 1568000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ബി ഫണ്ട് (പ്രൊഡക്ഷൻ ബോണസ്) | 0 | 0 | 0 | 0 | 0 |
| തൊഴിൽ രഹിത വേതനം | 0 | 102720 | 102720 | 102720 | 0 |
| വാർദ്ധക്യകാല പെൻഷൻ | 0 | 19091900 | 19091900 | 19091900 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 0 | 3133000 | 3133000 | 3133000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അവിവാഹിത പെൻഷൻ | | 0 | 549100 | 549100 | 549100 | 0 |
| വിധവ പെൻഷൻ | | 0 | 17051700 | 17051700 | 17051700 | 0 |
| വികലാംഗ പെൻഷൻ | | 0 | 4989000 | 4989000 | 4989000 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 240000 | 240000 | 240000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3333610 | 3333610 | 1075263 | 2258347 |
| | ജില്ലാ പഞ്ചായത്ത് | 330410 | 9814795 | 10145205 | 8535795 | 1609410 |
| തനത് ഫണ്ട് ( പുന്നയൂർ പഞ്ചായത്ത് കോ-ഓ. ബാങ്ക് ) | | 2888965.50 | 9704351 | 12593316.50 | 9707812 | 2885504.50 |
| ട്രഷറി STSB+Try Spl. fund | | 3600547 | 38471921 | 42072468 | 10487601 | 31584867 |
| J V STSB | | 200000 | 13148405 | 13348405 | 9409438 | 3938967 |
| e-payment | | 541862 | 20111831 | 20653693 | 19726245 | 927448 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 15259841 | 152 | 79074455 | 0 | 30 | 83.51% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 67555 | 633100 | 639855 | 639855 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് മെറ്റീരിയൽ കോസ്റ്റ് | 0 | 33884344 | 33884344 | 33884344 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം* |
|---|---|---|
| തൊഴിൽരഹിത വേതനം | 102720 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 3133000 | 255 |
| വിധവാപെൻഷൻ | 17051700 | 1563 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19091900 | 1611 |
| വികലാംഗപെൻഷൻ | 4989000 | 420 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 549100 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-07-2019-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5995/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

പഞ്ചായത്തിൽ അടിയ്ക്കടി സെക്രട്ടറിമാർ മാറിക്കൊണ്ടിരിക്കുന്നതിനാൽ ഭരണസംവിധാനം താറുമാറാകുന്നതിനും, ജീവനക്കാരുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ട്.

വർഷത്തെ പർച്ചേസുകളിൽ ഒറിജിനൽ ക്യാഷ് ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. തൻ വർഷം വാങ്ങിയ മുഴുവൻ ഇനങ്ങളും സ്റ്റോക്കിലെടുക്കുകയോ, സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പരിശോധിക്കുകയോ, വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്കിലെടുക്കുമ്പോൾ സാധനങ്ങളുടെ മൂല്യം, ബിൽ വിവരങ്ങൾ എന്നിവ ചേർക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ അഡ്വാൻസുകളുടെ കൃത്യത പരിശോധിക്കാനാകുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. മുന്നിരിപ്പിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

കണ്ടിജന്റ് പേമെന്റുകളിൽ സെക്രട്ടറിയുടെ പ്രൊസീഡിംഗ്സ് തയ്യാറാക്കി ചേർത്ത് വെയ്ക്കാത്തതിനാൽ ആർക്ക് എന്തിന് തുക അനുവദിച്ചു എന്നത് മനസ്സിലാക്കാനാകുന്നില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ ഇവയ്ക്ക് പ്രത്യേകം ACR സൂക്ഷിക്കാത്തതിനാൽ ഇവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ

# വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.05.19 | 02/19,03/19 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-10-16 to 31-10-16 | 2013-14 മുതൽ 2015-16 വരെ | LBA(HQ) 111/8A-2532/16-17/170 Dt.26.12.16 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. താഴെ ചേർത്തിരിക്കുന്ന ഫണ്ടിനങ്ങളുടെ വരവ് വാർഷിക കണക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 21260507 | 21250507 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 13470117 | 13393033 |

ജനറൽ പർപ്പസ് ഗ്രാന്റിൽ 2017-18ൽ ലഭിച്ച തുക 58550 രൂപ തൻവർഷമാണ് ട്രഷറിയിൽ നിന്ന് മാറിയത്. ആയതുകൂടി ഉൾപ്പെടുത്തി 13528667 രൂപ യഥാർത്ഥത്തിൽ വരവുണ്ട്.

3. വിവിധ ബാങ്കുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 105972 രൂപയാണ് സ്റ്റെയിൽ ചെക്കിനത്തിലുള്ളത്.

| അക്കൗണ്ട് വിവരം | തുക |
|---|---|
| പുന്നയൂർ പഞ്ചായത്ത് സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് - 102100010002841 | 13961 |
| സബ്ട്രഷറി, ചാവക്കാട് - 713061400000010 | 92011 |

ഇത് Liability in respect of Stale Cheque എന്ന ഇനത്തിലേക്ക് മാറ്റിയിട്ടില്ല.

4.ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 16770 രൂപ (സബ്ട്രഷറി, ചാവക്കാട് - 713061400000010) “Cheques deposited but not credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു.

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

5.റീകൺസീലിയേഷൻ പത്രികയിൽ 57600 രൂപ (സബ്ട്രഷറി, ചാവക്കാട്--713061400000010)" Directly debited by bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നു. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

6. തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല.

9.അഡ്വാൻസ് രജിസ്റ്റർ - അപാകതകൾ

(1) ഫെസ്റ്റിവൽ അഡ്വാൻസ് മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

(2) KSEB യ്ക്ക് അഡ്വാൻസ് ഇനത്തിൽ മുൻ വർഷങ്ങളിൽ നൽകിയ തുകയുടെ നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരം 1374199 രൂപയും വാർഷിക കണക്ക് പ്രകാരം 104600 രൂപയുമാണ്.

(3) കോസ്റ്റ് ഫോഡ്, വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(4) Advance to others എന്ന ഇനത്തിൽ രജിസ്റ്റർ പ്രകാരം 695118 രൂപയും വാർഷിക കണക്ക് പ്രകാരം 684118 രൂപയുമാണ്.

10. വിവിധോദ്ദേശ്യ ഗ്രാന്റുകളുടെ ACR തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

11. ബാലൻസ് ഷീറ്റ് B-9 പ്രകാരം ' Liability for progamme expenditure' ഇനത്തിൽ 114084 രൂപയുണ്ട്. ഇതിൽ 77084 രൂപ ജനറൽ പർപ്പസ് ഗ്രാന്റ് ആണ്. ഇതിൽ ബാക്കി തുക വിമുക്തി, ബേബിഫ്രണ്ട്ലി ടോയ് ലറ്റ് എന്നിവക്ക് ലഭിച്ചവയാണ്. ഇത് ബാലൻസ് ഷീറ്റ് B-4ൽ ഉൾപ്പെടുത്തിയിട്ടില്ല.

12. കേരളോത്സവത്തിന് 20000 രൂപ ലഭിച്ചത് (ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം) വാർഷിക കണക്കിൽ ഉൾപ്പെടുത്തി കാണുന്നില്ല.

13. ബാലൻസ് ഷീറ്റ് B-4 320100121, 320100199 എന്നീ രണ്ട് ഹെഡ്ഡുകളിലായി ICDS ഫണ്ടും, 320700205, 320700210 എന്നീ രണ്ട് ഹെഡ്ഡുകളിലായി ബഡ്സ് സ്കൂൾ ജില്ലാ പഞ്ചായത്ത്

വിഹിതവും ഉൾപ്പെടുത്തിയിരിക്കുന്നു.

| അക്കൗണ്ട് ഹെഡ് | ആകെത്തുക | നിർദ്ദിഷ്ട ഫണ്ട് |
|---|---|---|
| 320100121 | 898296 | 898296 (ICDS) |
| 320100199 | 379719 | 372750 (ICDSFund) |
| 320700205 | 169410 | 139000 (Buds School share) |
| 320700210 | 300000 | 300000 (Buds School share) |

ഒരേ ഇനത്തിലുള്ള തുകകൾ ഒരേ ഹെഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

14. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ബിൽഡേഴ്സ് ഇ എം ഡി രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ലേലം ഇനത്തിൽ അടവാക്കിയ 11833 രൂപയിൽ ഇ എം ഡി തുകയായ 5000 ഉൾപ്പെടുന്നു. ഇതിൽ നിന്ന് ലേല തുകയായ 6833 രൂപ പഞ്ചായത്തിന്റെ വരുമാനമായി മാറ്റേണ്ടതാണ്.

| | രജിസ്റ്റർ | വാർഷികകണക്ക് |
|---|---|---|
| മുന്നിരിപ്പ് | 83150 | 83150 |
| വരവ് | 31083 | 23083 |
| റീഫണ്ട് | 36000 | 28000 |
| നീക്കിയിരുപ്പ് | 782333 | 78233 |

15.തൊഴിൽ നികുതി എംപ്ലോയീസ് വാർഷിക കണക്ക് പ്രകാരം ഡിമാന്റ് 1010730 രൂപയും രജിസ്റ്റർ പ്രകാരം 985730 രൂപയുമാണ് കാണിച്ചിരിക്കുന്നത്. ട്രേഡേഴ്സ് വാർഷിക കണക്ക് പ്രകാരം ഡിമാന്റ് 315290 രൂപയും രജിസ്റ്റർ പ്രകാരം 317790 രൂപയുമാണ് കാണിച്ചിരിക്കുന്നത് .

16.എല്ലാ വരവിനങ്ങളിലും പ്രതിദിന / പ്രതിമാസ കളക്ഷൻ കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. പകരം വർഷാവസാനം ഒരു സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്.

17. RP-5( Sale & Hire chrges), RP-4 (Fees & User charges) എന്നീ ഹെഡ്ഡുകളിലെ വരവിനങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

18. ഇൻകം & എക്സ്പെൻഡിച്ചർ I-6 പ്രകാരം NREGS വരവ് 24978736 രൂപയും I-14 (a)പ്രകാരം ചെലവ് 24989736 രൂപയുമാണ്.

19. സാമ്പത്തിക വർഷം രണ്ടാം പകുതിയിൽ ആർജ്ജിച്ച ആസ്തികളുടെ തേയ്മാനം മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രാരംഭബാക്കി ഉൾപ്പെടെ ആദ്യപകുതിയിൽ ആർജ്ജിച്ച ആസ്തികളുടെ ഡിപ്രീസിയേഷൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

20. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പാർട്ട് ബിൽ നൽകിയ പ്രവൃത്തിയുടെ വിവരം ചേർത്തിട്ടില്ല. ഫൈനൽ ബിൽ നൽകിയവ ആസ്തിയാക്കി മാറ്റിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ രേഖകൾ പ്രകാരം 195192 രൂപ മാത്രമാണ് പാർട്ട് ബിൽ നൽകിയിട്ടുള്ളത് (പദ്ധതിS136/19). എന്നാൽ RP-40 പ്രകാരം തൻവർഷം പാർട്ട് ബിൽ നൽകിയ തുക (Capital Work in Progress) 3796783 രൂപയാണ്.

21.തൻവർഷം ആസ്തിയാക്കിയവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

22.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കുംഅംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 96441 |
| 280100104-Prior period income-Property tax on non residential buildings | 884920 |
| 280200201-Prior period income-Licence Fee | (2000) |
| 280800701-Prior period- Miscellaneous expenses | (150499) |

23. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 33020654 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 27875265 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

24.വസ്തുനികുതി ഇനത്തിൽ സഞ്ചയ സാംഖ്യ പത്രികകൾ പൊരുത്തപ്പെടുന്നില്ല.2017-18 വാർഷികകണക്ക് പ്രകാരം വസ്തുനികുതി അഡ്വാൻസ് ഇനത്തിൽ 14092 (12147+1945) രൂപ മാത്രമേ ഉള്ളൂ. എന്നാൽ 18-19 വർഷം 111380 രൂപ അഡ്വാൻസ് ഇനത്തിൽ ക്രമീകരിച്ചതായി കാണുന്നു. 18-19 വർഷം R&P ൽ അഡ്വാൻസ് ഇനത്തിൽ വരവില്ല. ബാലൻസ് ഷീറ്റിൽ 35262 രൂപ അഡ്വാൻസ് കാണിച്ചിട്ടുണ്ട്. മുൻ വർഷ കുടിശ്ശിക തുകയിൽ നിന്നും ഡിമാന്റിൽ കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു

നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>24.1തൻവർഷം</u>

24.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ without LC | മുൻകൂർ ക്രമീകരിച്ചത് | ബാക്കി with LC |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2928524 | 2703912 | 100113 | 317418 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2928524 | 2575598 | ഇല്ല | 331242 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

24.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് with LC | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2085858 | 1943585 | 16318 | 146146 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2085858 | 1943585 | ഇല്ല | 153539 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>24.2 കുടിശ്ശിക</u>

24.2.1 റെസിഡൻഷ്യൽ

| | | | | |
|---|---|---|---|---|

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1132738 | 682610 | | 456419 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1147274 | 682610 | | 480430 |
| | 1204638*100/105 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

24.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 681702 | 333155 | | 367879 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1553607 | 265539 | | 386631 |
| | (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

റസിഡൻഷ്യൽ ബിൽഡിംഗ് കുടിശ്ശികയിൽ 13534 രൂപയും, നോൺ റസിഡൻഷ്യൽ ബിൽഡിംഗ് കുടിശ്ശികയിൽ 870547 രൂപയും ജേണൽ എൻട്രി പ്രകാരം ഡിമാന്റിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. 2017-18 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാക്കി 14092 രൂപയാണ്. പ്രയർ പീരീഡ് എൻട്രി മുഖേന 97280 രൂപ ക്രമപ്പെടുത്തിയിട്ടുണ്ട്.

25. ഇൻകം&എക്സ്പെൻഡിച്ചർ I-16 പ്രകാരം 56750 രൂപ (Provision for Write off) കാണിച്ചിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

26.ബാലൻസ് ഷീറ്റ് B-18 460100103 പ്രകാരം 2016 മുതൽ വ്യക്തികൾക്ക് അഡ്വാൻസ് നൽകിയത് വർഷങ്ങളായി ക്രമീകരിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

# ഭാഗം -2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 സാംഖ്യ, മാനവൽ രശീതി പരിശോധനയിൽ കണ്ട അപാകതകൾ

1.ഒരേ ജീവനക്കാരൻ ഒന്നിലധികം രശീതി പുസ്തകങ്ങൾ ഒരേ സമയം ഉപയോഗിക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

a)ശ്രീ.രതീഷ് കുമാർ 1/2019 മുതൽ 3/2019 വരെ 39704, 39706, 39708, 39709, 39712, 39713 എന്നീ രശീതി പുസ്തകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. മേൽ രശീതി പുസ്തകങ്ങൾ ഓരോന്നും ഉപയോഗിച്ച തീരുന്നതിനു മുൻപു തന്നെ അടുത്ത രശീതി പുസ്തകം ഉപയോഗിച്ച തുടങ്ങിയിട്ടുണ്ട്. ഉദാഹരണത്തിന് 39704 രശീതി പുസ്തകം രശീതി നം.85 വരെ 18/1/19 മുതൽ 5/3/19 വരെ ഉപയോഗിച്ചു. തുടർന്ന് 39709 രശീതി പുസ്തകമാണ് ഉപയോഗിച്ചത്. വീണ്ടും 14/03/2019 മുതൽ 23/03/2019 വരെ 39704 ലെ ബാക്കി രശീതികൾ ഉപയോഗിച്ചു. ഈ കാലയളവിൽ തന്നെ മറ്റു രശീതി പുസ്തകങ്ങളും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്.

b)ശ്രീ.ജീജൻ 39714, 39715 എന്നീ രശീതി പുസ്തകങ്ങൾ 28/03/2019 മുതൽ 31/03/2019 വരെ ഒരേ സമയം ഉപയോഗിച്ചിട്ടുണ്ട്. രണ്ടു പുസ്തകങ്ങളും പൂർണ്ണമായി ഉപയോഗിച്ചിട്ടില്ല.

c)ശ്രീമതി.സ്മിത.ടി 39705, 39707 എന്നീ രശീതി പുസ്തകങ്ങൾ ഒരേ സമയം ഉപയോഗിച്ചിട്ടുണ്ട്. രണ്ടു പുസ്തകങ്ങളും പൂർണ്ണമായി ഉപയോഗിച്ചിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/തീ.10.07.2019),100 ശതമാനം നികുതി പിരിവിനായി പ്രേരക് മാർ ദിവസ വേതനക്കാർ, ലൈബ്രേറിയൻ എന്നിവരുടെ സേവനം ലഭ്യമാക്കിയിരുന്നതായും ടിയാളുകൾക്ക് നൽകുന്നതിനായാണ് സ്ഥിരം ജീവനക്കാരുടെ പേരിൽ ഒരേ സമയം ഒന്നിലധികം രശീതി പുസ്തകങ്ങൾ നൽകേണ്ടി വന്നതായും വിശദീകരണം നൽകിയിട്ടുണ്ട്.
കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ച.83ൽ ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലൊഴികെ എല്ലാ അവസരങ്ങളിലും ലഭിച്ച രശീതി പുസ്തകം പൂർണ്ണമായി ഉപയോഗിച്ച് കൗണ്ടർ ഫോയിൽ തിരിച്ചേൽപ്പിക്കാതെ പുതിയ രശീതി പുസ്തകം നൽകരുതെന്നും അപ്രകാരം നൽകുകയാണെങ്കിൽ പുതിയ രശീതി പുസ്തകത്തിൽ കാരണം വ്യക്തമായി രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ചട്ടം പാലിച്ചിട്ടില്ല.

2.റദ്ദ് ചെയ്ത പല സാംഖ്യ രശീതികളും കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സെക്രട്ടറിമാരുടെ അഭാവം മൂലമാണ് ഇത്തരത്തിൽ സംഭവിച്ചതെന്നാണ് വിശദീകരണം നൽകിയത്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-2 മാനവൽ രശീതി ഉപയോഗിച്ച് വസ്തുനികുതി പിരിവ് - സഞ്ചയയിലേക്ക്

# രേഖപ്പെടുത്തിയതിലെ അപാകതകൾ

മാനുവൽ രശീതി ഉപയോഗിച്ച് പിരിച്ചെടുത്ത വസ്തുനികുതി ബന്ധപ്പെട്ട സഞ്ചയ സ്റ്റേറ്റ്മെന്റുകളുമായി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.മാനുവൽ രശീതി ഉപയോഗിച്ച് പിരിച്ചെടുത്ത താഴെപറയുന്ന വസ്തുനികുതി തുകകൾ സഞ്ചയ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

| രശീതി പുസ്തകം നം. | രശീതി നം. | തീയതി | വീട് നം./ഉടമയുടെ പേര് | അടവാക്കിയ തുക(വസ്തു നികുതി+ലൈബ്രറി സെസ്സ്) |
|---|---|---|---|---|
| 39702 | 19 | 25.10.18 | 13/52<br>ഉമ്മർ മാളിയേക്കൽ | 151 |
| | 20 | ,, | 13/282,<br>മുഹമ്മദ്,പുതുവീട്ടിൽ അറക്കൽ | 668 |
| | 21 | ,, | 13/270<br>മൊയ്തുണ്ണി നാലകത്ത് മച്ചിങ്ങൽ | 312 |
| | 37 | 29.10.18 | 15/<br>അസൈനാർ&നാസിയ,ചാരുപറമ്പിൽ | 504 |
| | 54 | ,, | 15/302<br>കുമാരൻ&ചന്ദ്രിക,ഓവ്വാട്ട് | 222 |
| 39690 | 1 | 27.06.18 | 19/347A<br>മൊയ്തുണ്ണിക്കുട്ടി | 1062 |

2.രശീതി പുസ്തകം നം.39700ലെ താഴെ പറയുന്ന രശീതികൾ വഴി 28/06/2018-ന് പിരിച്ചെടുത്ത വസ്തുനികുതി സഞ്ചയയിൽ കാണിച്ചിട്ടുള്ളത് 22/10/18-നാണ്.

| രശീതി നം. | വീട് നം. | അടവാക്കിയ തുക (വസ്തു നികുതി+ലൈബ്രറി സെസ്സ്) |
|---|---|---|
| 1 | 3/229A | 599 |
| 2 | 19/509A | 709 |
| 3 | 14/120 | 358 |

3.28.03.19 ന് 39709/63 രശീതി പ്രകാരം വീട് നം.1/130 ഉടമ ബീവിക്കുട്ടി, വാലിയിൽ, മന്ദലാംകുന്ന് അടവാക്കിയ വസ്തുനികുതി 189 രൂപ സഞ്ചയ സ്റ്റേറ്റ്മെന്റിൽ വീട് നം.1/130ലും 5/130ലും രേഖപ്പെടുത്തിയിട്ടുണ്ട്. 5/130 കെട്ടിടം നിലവിൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയ കെട്ടിടമാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/തീ.10.07.2019) പഴയ രശീതികൾ പോസ്റ്റ് ചെയ്യുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സം നീക്കുന്ന മുറക്ക് അപാകത പരിഹരിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

# 2-3 മണ്ണ് ലേലം -തുക പൂർണ്ണമായി അടവാക്കിയില്ല

'മുക്കണ്ടത്താഴം കുഴി റോഡ് കാന നിർമ്മാണം' എന്ന പ്രവർത്തിയിൽ നിന്നും ലഭ്യമായ 128 $m^2$ മണ്ണ് 30/04/2018ന് ലേലം നടത്തുകയും 35500 രൂപക്ക് ചന്ദ്രൻ, ചെമ്പ്ര വീട്, പുന്നയൂർക്കുളം എന്നയാൾക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. ടിയാൻ 11833 രൂപ പഞ്ചായത്തിൽ അടവാക്കി.(രശീതി നം.118040100539 തീ.2/5/18). എന്നാൽ ബാക്കി തുക 23667 രൂപ നാളിതു വരെ അടവാക്കിയിട്ടില്ല. ബാക്കി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 പൊളിച്ചു കളഞ്ഞ കെട്ടിടങ്ങൾക്ക് ചട്ടത്തിന് വിരുദ്ധമായി കുടിശ്ശിക എഴുതിത്തള്ളി നികുതി ഇളവ് നൽകിയിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്തിട്ടില്ലായിരുന്നെങ്കിൽ ചുമത്തപ്പെടുമായിരുന്ന വസ്തു നികുതി നൽകുവാൻ ബാദ്ധ്യസ്ഥനുമാണ്. പക്ഷേ ഇപ്രകാരം ഒരു നോട്ടീസില്ലാതെ വാർഡ് ക്ലർക്കുമാരുടെ നേരിട്ടുള്ള അന്വേഷണ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2(1)-ാം നമ്പർ തീരുമാന പ്രകാരം 2018-19 സാമ്പത്തിക വർഷം അനേകം കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകി. ആയതിനോടനുബന്ധിച്ച് സഞ്ചയയിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം പല കെട്ടിടങ്ങൾക്കും 2013-14 മുതലുള്ള നികുതി കുടിശ്ശിക ഒഴിവാക്കി നൽകിയതായി കാണുന്നു. ഉദാഹരണത്തിന് ചുള്ളിപ്പറമ്പിൽ ഹനീഫ (കെട്ടിട നമ്പർ.11/217) എന്നവർക്ക് 2013-14 മുതൽ നികുതി ഇളവു നൽകി. പക്ഷേ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കുടിശ്ശിക എഴുതി തള്ളുന്നത് / ഇളവിന്റെ പ്രാബല്യം എന്നതു സംബന്ധിച്ച് തീരുമാനമെടുത്തതായി കാണുന്നില്ല.ആയതിനോടനുബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക്(നം .16/11.07.19) ടി വ്യക്തികൾ 2013-14 ൽ പൊളിച്ചുകളഞ്ഞതായി അപേക്ഷ നൽകുകയും എന്നാൽ സഞ്ചയയിൽ ഒഴിവാക്കാതിരിക്കുകയും തുടർന്ന് പ്യൂരിഫിക്കേഷൻ സമയത്ത് പരാതിയെ തുടർന്ന് കമ്മിറ്റി തീരുമാനത്തോടെ നികുതി ഒഴിവാക്കി നൽകുകയും ചെയ്തതായി മറുപടി നൽകിയിട്ടുണ്ട്. പക്ഷേ മറുപടിയോടനുബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയില്ല. ചട്ടങ്ങൾക്ക് വിരുദ്ധമായി ഇപ്രകാരം ഇളവ് നൽകിയത് പുന:പരിശോധിക്കപ്പെടേണ്ടതാണ്.

# 2-5 വസ്തു നികുതി -അപാകതകൾ

1)ശ്രീ.അബ്ദുള്ളക്കുട്ടി മുസലിയാർ എന്നവർക്ക് 287.73 ച.മീ. വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണാനുമതി നൽകി (നം.എ3-5801/15 തീ.02.12.15). ആയതിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം 171.05 ച.മീ (താഴത്തെ നില: 77.30m2+ഒന്നാം നില=93.75$m^2$) തറ വിസ്തീർണമുള്ള കെട്ടിടമാണ് പണിതത്. പക്ഷേ ഫയലിലുള്ള സഞ്ചയ നികുതി നിർണ്ണയ ഫോം പ്രകാരം 129 ചതുരശ്ര മീറ്ററിന്റെ നികുതി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നമ്പർ | തറ വിസ്തീർണം (ച.മീ) |
|---|---|
| 16/280 /H | 13 |
| 16/280/I | 43 |
| 16/280/J | 15 |
| 16/280/K | 16 |
| 16/280/L | 42 |
| ആകെ | 129 |

ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചത് പുന:പരിശോധിച്ച് കുറവു വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഇളവ് - അപേക്ഷകളിലോ രജിസ്റ്ററുകളിലോ കെട്ടിടത്തിന്റെ വിസ്തൃതി രേഖപ്പെടുന്നില്ല. നികുതി ഇളവിനായുള്ള അപേക്ഷാ തീയതി, തറ വിസ്തീർണം എന്നിവ കൂടി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

3) നമ്പറിംഗ് ഫയലുകളോടൊപ്പം അനുബന്ധ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടില്ല.

4) താഴെ പറയുന്ന കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്കരണങ്ങളോടനുബന്ധിച്ച് രാജിയാക്കൽ ഫീസ് ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

| കെട്ടിട നമ്പർ/ കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് നൽകിയ ഏരിയ | പൂർത്തീകരിച്ച ഏരിയ | അധികം നിർമ്മിച്ച ഏരിയ |
|---|---|---|---|
| 8/374 എ അനീഷ് & ലുബ്ന | 278.2 (വാസഗൃഹം) | 290.98 | 12.78 |

| | | | |
|---|---|---|---|
| | എ3-<br>2727/2014<br>തീ.2.6.14 | | |
| 13/405 എ<br>കുഞ്ഞു മോൻ | (വാസഗൃഹം)<br>പെർമിറ്റ് ഇല്ല | 106.47 | 106.47 |
| 2/394 എ<br>ഷെമീർ | 233.66<br>(വാസഗൃഹം)<br>ബിപി /128/16<br>തീ.20.10.16 | 242.26 | 8.6 |
| 10/166 എ<br>ഉമ്മാത്തുക്കുട്ടി | 258.04<br>(വാസഗൃഹം)<br>ബിപി -06/16<br>തീ.12.02.16 | 274.66 | 16.62 |

രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.10/10.07.19)

# 2-6 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള 8 മൊബൈൽ ടവറുകളുടെ 2015-16 മുതലുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കാനുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം | ടവറിന്റെ വിവരം | കുടിശ്ശിക |
|---|---|---|
| 3/349/B | ബി.എസ്.എൻ.എൽ മൊബൈൽ | 38776 |
| 5/277/A | എയർടെൽമൊബൈൽ | 38279 |
| 9/540 | ബി.എസ്.എൻ.എൽ മൊബൈൽ | 155822 |
| 13/220/B | ഐഡിയ മൊബൈൽ | 32812 |
| 16/259 A | ബി.എസ്.എൻ.എൽ മൊബൈൽ | 26848 |
| 16/259/B | ബി.എസ്.എൻ.എൽ മൊബൈൽ | 35794 |
| | | |

| | | |
|---|---|---|
| 18/397/A | വോഡാഫോൺ മൊബൈൽ | 44740 |
| 19/38 A | ബി.എസ്.എൻ.എൽ മൊബൈൽ | 26898 |
| | ആകെ | 399969 |

കുടിശ്ശിക തുക ഈടാക്കുന്നതിനായി 29.01.19ന് റവന്യൂ റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ട്. ആയത് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 2-7 പെർമിറ്റ് --അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ കെട്ടിട നിർമ്മാണ അനുമതി ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പെർമിറ്റ് നം. BP/A1-4818/18 തീ.5.12.18- നാസർ

സങ്കേതം വഴി വാസഗൃഹ നിർമ്മാണം ക്രമ വത്കരിക്കുന്നതിനുള്ള അപേക്ഷയാണ് ശ്രീ. നാസർ സമർപ്പിച്ചിരിക്കുന്നത് . എന്നാൽ രാജിയാക്കൽ ഫീസ് ഈടാക്കാതെ പെർമിറ്റ് ഫീസ് മാത്രം ഈടാക്കി മേൽ നമ്പർ അനുവദിച്ചു.

2) പെർമിറ്റ് നം A3-5245/2014 തീ.2.6.14

അനീഷ് & ലുബ്ന

01.06.17 വരെയായിരുന്നു മേൽ നമ്പർ പെർമിറ്റിന്റെ കാലാവധി. എന്നാൽ പെർമിറ്റ് പുതുക്കാതെ 25.9.18 ലെ അപേക്ഷ പ്രകാരം കെട്ടിടത്തിന് നമ്പർ അനുവദിച്ചു.

3) പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. നിലവിലെ പെർമിറ്റ് രജിസ്റ്ററിൽ നമ്പറിങ്ങ് അപേക്ഷകളുൾപ്പെടെയുള്ള വിവരങ്ങൾ ചേർക്കുന്നുണ്ട്. പലപ്പോഴും രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ചേർക്കുന്നുമില്ല.

# 2-8 ഡി ആന്റ് ഓ ലൈസൻസ് അപാകതകൾ

ഡി & ഒ ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

1.ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്.

ഡി സി ബി രജിസ്റ്റർ പ്രകാരം 330 സ്ഥാപനങ്ങളിൽ നിന്നാണ് ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം 188 ആണ്. സഞ്ചയ പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം 1693. സഞ്ചയ ലിസ്റ്റിലുള്ള പല കെട്ടിടങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ

കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2.പഞ്ചായത്ത് പരിധിയിലുള്ള റേഷൻ റീട്ടെയിൽ ഡിപ്പോകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ റേഷൻകടകളെയും കല്ല്യാണ മണ്ഡപങ്ങളെയും ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-9 തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള സൂപ്പർവൈസർമാർ, റേഷൻ കടയുടമകൾ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ബി പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ വ്യക്തികൾക്കും ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തി തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 2-10 നിർജീവ അക്കൗണ്ടുകൾ അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ OAP Account (SBT ,Punnayurkkulam—57008825896) ബാങ്ക് Deaf അക്കൗണ്ടാക്കി മാറ്റിയിട്ടുണ്ട്. 30.5.18 ന് 2749 രൂപ മാത്രമാണ് അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉള്ളത്.

പഞ്ചായത്ത് ഭരണസമിതിയുടെ 14.1.19ലെ 7(1)തീരുമാനപ്രകാരം EMS ഭവന നിർമ്മാണ പദ്ധതിയുടെ അക്കൗണ്ട് അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. പുന്നയൂർ പഞ്ചായത്ത് സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ 102100010004291 നമ്പർ അക്കൗണ്ടിൽ 31.3.19 ന് 7199 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. അക്കൗണ്ട് അവസാനിപ്പിക്കുന്നതിന് വി.ഇ.ഒ.യെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ അക്കൗണ്ട് നാളിതുവരെ അവസാനിപ്പിച്ചിട്ടില്ല.

മേൽപ്പറഞ്ഞ അക്കൗണ്ടുകൾ അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കിലുള്ള ടെണ്ടറിന് അംഗീകാരം നല്കിയത് ക്രമപ്രകാരമല്ല.

പ്രോജക്റ്റ് നം. 101/19-പി.എച്ച്.സി. മെയിന്റനൻസ് വാർഡ് 12

കരാറുകാരൻ- സന്തോഷ് ജാക്ക്

അടങ്കൽ - 700000/-

ആദ്യ പാർട്ട് ബിൽ - ട്രഷറി ബിൽ നം. 72/27-3-19 Rs.493152/-

ഈ പ്രവൃത്തിക്കായി തയ്യാറാക്കിയ 7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തിക്കായി 14718/- രൂപ L.S. ആയി ഉൾപ്പെടുത്തിയിരുന്നു. ഇത് ഒഴിവാക്കിയാണ് കരാറുകാർ തുക ക്വാട്ട് ചെയ്തത്. ലഭിച്ച രണ്ട് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.സന്തോഷ് ജാക്കിന്റെ ടെണ്ടർ 699101.47 രൂപയുടേതായിരുന്നു. ഇത് എസ്റ്റിമേറ്റിനേക്കാൾ 14000/- രൂപയോളം കൂടുതലായിരുന്നു (L.S. ഇനം ഒഴിവാക്കിയാൽ). ഇത് അംഗീകരിച്ച് 19/2/19ൽ കരാറിൽ ഏർപ്പെടുകയായിരുന്നു. എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാൻ നിലവിൽ ഉത്തരവുകളൊന്നും തന്നെയില്ല. ആയതിനാൽ ഇപ്രകാരം ചെയ്തത് ക്രമപ്രകാരമല്ല. 2019-20-ൽ പ്രവൃത്തി പൂർത്തീകരിച്ച് 688344/- രൂപയുടെ ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്. L.S.ആയി ഉൾപ്പെടുത്തിയ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്തിട്ടില്ല എന്നതിനാൽ ഇത് സാങ്കേതികാനുമതി ലഭിച്ച തുകയേക്കാൾ കൂടുതലാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പരിചയക്കുറവുമൂലം സംഭവിച്ചതാണെന്നും, ഭാവിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്നുമാണ് അറിയിച്ചത്.

ടെണ്ടറുകൾ അംഗീകരിക്കുമ്പോൾ കൂടുതൽ ശ്രദ്ധിക്കേണ്ടതും, സാങ്കേതികാനുമതി ലഭിച്ചതിനേക്കാൾ അധികരിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-2 പുന്നയൂർ പി.എച്ച്.സി. യിൽ പകൽവീട് നിർമ്മാണം - അപാകതകൾ

പുന്നയൂർ പി.എച്ച്.സി.യിൽ നിലവിലുള്ള ഒ.പി. ബ്ലോക്കിനു മുകളിലായി പകൽവീട് നിർമ്മാണം നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | പ്രോജക്റ്റ് നം. | വർഷം | ചെലവ് |
|---|---|---|---|

| നം. | | | തുക |
|---|---|---|---|
| 1 | No.80/17- പകൽവീടിന് ഉപകരണങ്ങൾ വാങ്ങൽ | 2016-17 | 180000 |
| 2 | 101/19- പി.എച്ച്.സി. മെയിന്റനൻസ്(പകൽവീട്) | 2018-19 | 493152 |
| 3 | 145/19- പി.എച്ച്.സി യിൽ പകൽവീടിന് സൌകര്യമൊരുക്കൽ | 2018-19 | 698929 |
| 4 | 169/19- പി.എച്ച്.സി പുനരുദ്ധാരണം (പകൽവീട്) | 2018-19 | 249857 |
| | ആകെ | | 1621938 |

മേൽ പ്രകാരം 2016-17ൽ പകൽവീടിന് സ്ഥല സൗകര്യം ഏർപ്പെടുത്തുന്നതിനു മുൻപായിത്തന്നെ ട്രെഡ് മിൽ, ടെലിവിഷൻ, ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുകയാണ് ചെയ്തത്. നാളിതുവരേയായി ഇവ ഉപയോഗപ്പെടുത്താനായിട്ടില്ല. തുടർന്ന് നിലവിലുള്ള പി.എച്ച്.സി കെട്ടിടത്തിനുമുകളിൽ ഏകദേശം 500m$^2$ സ്ഥലത്താണ് ട്രസ്സ് വർക്ക് ചെയ്ത് False ceiling നടത്തുകയും, side walls, flooring എന്നിവ ചെയ്യുകയുമായിരുന്നു. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്താനായി പ്രോജക്റ്റുകളുടെ പേര് പി.എച്ച്.സി മെയിന്റനൻസ് എന്ന രീതിയിൽ മാറ്റുകയായിരുന്നു. 11-7-19ൽ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ നിലവിൽ false ceiling നടത്തിയതിന്റെ ഉയരം വളരെ കുറവാണെന്നു കാണുകയുണ്ടായി. ഇതിന് സീലിംഗ് ഫാൻ സ്ഥാപിക്കാനുള്ള ഉയരം പോലുമില്ല. മാത്രമല്ല, കറന്റ് കണക്ഷൻ, പ്ലമ്പിംഗ് പ്രവൃത്തികൾ, ജനലുകൾ, ക്യാബിനുകൾ തിരിക്കൽ, മറ്റ് സാധന സാമഗ്രികൾ വാങ്ങൽ എന്നിവയും ബാക്കി നില്ക്കുന്നു. ഒന്നാം നിലയിലേക്കുള്ള സ്റ്റെപ്പുകൾ കയറി വൃദ്ധർ എത്തുക എന്നതും വളരേ ശ്രമകരമാണ്. പകൽവീടിന് ഒട്ടും അനുയോജ്യമായ നിർമ്മാണങ്ങളല്ല നടക്കുന്നത്. ട്രെഡ് മിൽ പോലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനു മുൻപ് ഇവയുടെ ആവശ്യകതാ നിർണ്ണയം നടത്തിയിരുന്നുവോ എന്നതും വ്യക്തമല്ല. കേവലം ഫണ്ട് ചെലവഴിക്കുക എന്നതിലപ്പുറത്തേക്ക് കാര്യമായ പഠനങ്ങളൊന്നും നടത്താതെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചതിൽ ഇക്കാര്യങ്ങൾ കമ്മറ്റിക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നും, അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്താൻ ശ്രമിക്കുമെന്നുമാണ് വൈസ് പ്രസിഡന്റ് അറിയിച്ചത്.

# 3-3 കാലതാമസത്തിന് ഫൈൻ ഈടാക്കുന്നില്ല.

2016-17, 2017-18 വർഷങ്ങളിലായി ആരംഭിച്ച് കരാർ വെച്ച പല പ്രവൃത്തികളും 2018-19 ൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കേവലം ഒരു പ്രവൃത്തിയിലൊഴികെ ബാക്കിയൊന്നിലും കാലതാമസത്തിന് ഫൈൻ ഈടാക്കിയിട്ടില്ല. മാത്രമല്ല, കാലപരിധി ദീർഘിപ്പിക്കാനായി കരാറുകാരൻ അപേക്ഷ നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതായോ, കമ്മറ്റി അപേക്ഷ പരിഗണിച്ച് കാലദൈർഘ്യം അനുവദിച്ചതായോ കാണുന്നില്ല. ഒരു കരാറിൽ പോലും പൂർത്തീകരണ കാലപരിധി രേഖപ്പെടുത്തിയിട്ടില്ല. ചിലതിൽ ടെണ്ടർ നോട്ടീസിൽ ഒരു കാലയളവും, വർക്ക് ഓർഡറിൽ മറ്റൊരു കാലയളവുമാണ് രേഖപ്പെടുത്തുന്നത്. ഇക്കാര്യങ്ങളിൽ കേരള

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112, 2112-1 എന്നിവയിലെ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും, നിയമ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതുമാണ്.

# 3-4 നിർമ്മാണ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുന്നതിനുള്ള പ്രവണത ഏറുന്നു-വിവിധ പ്രവൃത്തികളിലായി ലക്ഷങ്ങൾ മുടങ്ങിക്കിടക്കുന്നു.

നിലവിൽ താഴെ പറയുന്ന പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസിയെ ഏൽപിച്ചിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഏൽപിച്ച വർഷം | അടങ്കൽ | ഏജൻസി | നല്കിയ തുക. | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം | 2015-16 | 5315000 | കോസ്റ്റ് ഫോർഡ് | 1063000 (15-16) | നാളിതുവരെ യാതൊരു പ്രവൃത്തിയും നടന്നിട്ടില്ല. |
| 2 | ശ്മശാനം അറ്റകുറ്റപ്പണികൾ | 2016-17 | 1500000 | ,, | 600000 (16-17-3ലക്ഷം,17-18-3ലക്ഷം) | ,, |
| 3 | എയറോബിക് കംപോസ്റ്റ് | 2016-17 | 1746000 | ,, | 1305443 (16-17—349200, 17-18-685354 2018-19--270889) | പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട് |
| 4 | കാർഷിക സമുച്ചയം | 2018-19 | 1800000 | ,, | 360000 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| 5 | മന്ദലാംകുന്ന് ബീച്ചിൽ കുട്ടികളുടെ പാർക്ക് | ,, | 700000 | ,, | 140000 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| 6 | പനന്തറ SC കോളനി സമഗ്ര വികസനം | ,, | 1100000 | ,, | 220000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | | 36,88,443 | |

മേൽ പ്രകാരം അക്രഡിറ്റഡ് ഏജൻസിയെ ഏൽപിച്ച മിക്ക പ്രവ്യത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിക്കുന്നില്ല. എന്നാൽ പ്രവൃത്തികൾ ഏജൻസികളെ ഏല്പിക്കുന്നതിനുള്ള പ്രവണത കൂടി വരുന്നതായി കാണുന്നു. ഗ്രാമ പഞ്ചായത്തുകൾക്ക് സ്വന്തമായി ഒരു എഞ്ചിനീയറിംഗ് വിഭാഗവുമുണ്ട്. മേൽ പറഞ്ഞവയിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മാണം ഒഴികെ ബാക്കി പ്രവൃത്തികൾ തനത് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളവയല്ല. ആയതുകൊണ്ടുതന്നെ ഇവ അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കേണ്ട ആവശ്യകതയുമില്ല. തനത് സാങ്കേതിക വിദ്യ ഉപയോഗിക്കാത്തവ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ തന്നെ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 ബഡ്സ് സ്കൂൾ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല.

പഞ്ചായത്തിലെ ബഡ്സ് സ്കൂളിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. നിലവിൽ പി.എച്ച്.സി. കെട്ടിടത്തിനുള്ളിലെ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിക്കുന്നത്. ബഡ്സ് സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട 7/2/18ലെ സ.ഉ.(എംഎസ്) നം.20/2018/തസ്വഭവ ഉത്തരവിൽ താഴെ പറയുന്ന നിർദ്ദേശങ്ങളുണ്ട്.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബഡ്സ് സ്കൂൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുമ്പോൾ അവയിൽ അടിസ്ഥാന സൗകര്യങ്ങളായ ഓഡിയോളജി മുറി, ക്ലാസ് മുറികൾ, ഫിസിയോതെറാപ്പി മുറി, ഭക്ഷണ മുറി, ഒക്കുപ്പേഷണൽ തെറാപ്പി & കൗൺസലിംഗ് മുറി, ഓഫീസ് മുറി, വിനോദ മുറി എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇത്തരം സൗകര്യങ്ങളൊന്നും തന്നെ ഇവിടെയില്ല. ആകെ രണ്ട് മുറികളും ഒരു ടോയ്‌ലറ്റുമാണുള്ളത്. വീൽചെയറിൽ വരുന്ന കുട്ടികളും വിദ്യാർത്ഥികളായുണ്ട്. ഇവർക്ക് പ്രത്യേകം ടോയ്‌ലറ്റുകളില്ല.

2. ബിആർസികൾക്ക് സാമൂഹ്യ നീതി വകുപ്പിൽനിന്നും അംഗീകാരം വേണം. നിലവിൽ ഇത് ബിആർസി ആയി മാറ്റിയിട്ടുണ്ട്. എന്നാൽ സാമൂഹ്യ നീതി വകുപ്പിൽനിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

3.ബഡ്സ് സ്കൂളിൽ അധ്യാപക വിദ്യാർഥി അനുപാതം 1:8 ആയി ക്രമീകരിക്കേണ്ടതാണ്. ഒരു സ്ഥാപനം ആരംഭിക്കുന്നതിന് കുറഞ്ഞത് 2 അധ്യാപകരെങ്കിലും വേണം. ഈ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. ഇരുപതിലധികം കുട്ടികളുള്ള ഇവിടെ ആകെ ഒരു അധ്യാപികയും ഒരു ആയയുമാണുള്ളത്.

4. തെറാപ്പിസ്റ്റ്, ട്രെയിനർ, ഡോക്ടർ എന്നിവരുടെ സേവനവും ലഭിക്കുന്നില്ല.

5. നിലവിൽ ബഡ്സ് സ്കൂളിന്റെ മുഴുവൻ ചെലവുകളും പ്ലാൻ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇത് ശരിയല്ല. വണ്ടി വാടക പോലുള്ളവ തനത് ഫണ്ടിൽനിന്നും കണ്ടെത്തേണ്ടതാണ്.

6. പ്രത്യേകം ശ്രദ്ധ വേണ്ടവരേയും, അക്രമ സ്വഭാവം കാണിക്കുന്നവരേയും പ്രത്യേകം സംരക്ഷിക്കേണ്ടതാണ്.

സർക്കാർ ഉത്തരവുപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യങ്ങളിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

# 3-6 മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

മെഡിക്കൽ ഓഫീസർ , പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. മരുന്നുകൾ ലഭ്യമായിട്ടില്ല.

താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ., ഹോംകോ എന്നീ സ്ഥാപനങ്ങളുടെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

| ക്രമ നം | പദ്ധതി നം / പദ്ധതിയുടെ പേര് | ബിൽ നം / തിയതി/തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|
| 1 | 30/19<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ | 7/18-19/29.11.18/200000 | ഹോംകോ |
| 2 | 31/19<br>ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് | 1)8/18-19/20.12.18/200000<br>2)9/18-19/20.12.18/150000 | കെ എം എസ് സി എൽ |
| 3 | 38/19<br>പി എച്ച് സി യിലേക്ക് മരുന്നു വാങ്ങൽ | 10/18-19/30.11.18/300000 | കെ എം എസ് സി എൽ |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. പി എച്ച് സി ലബോറട്ടിറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നം - 44/19

ബിൽ നം -3/18-19 തി. 29.8.18 തുക 42424/-

11/18-19 തി. 29.11.18 തുക 106694/-

22/18-19 തി. 28.3.19 തുക 10000/-

പി എച്ച് സി ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 300000 രൂപ അടങ്കലുള്ള പദ്ധതിയിൽ മേൽ പ്രകാരം 159118 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത് ബയോ ഏജൻസീസ്, ആർവീസ് ഡയഗ്നോസ്റ്റിക്സ് എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ( ജി ഒ ( പി ) നം 259/2010 ത സ്വ ഭ വ തി. 8.11.2010) പ്രകാരം ഒരു ലക്ഷത്തിനുമേലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നിരിക്കെ ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മേൽ നടപടിക്രമങ്ങളുടെ അഭാവത്തിൽ ചെലവ് തുക 159118 രൂപ തടസ്സപ്പെടുത്തുന്നു.

III. സമഗ്ര ആരോഗ്യ പരിപാടി

പ്രോ. നം 40/19

ബിൽ നം - 19/18-19 തിയതി 28.3.19 തുക 49144

സമഗ്ര ആരോഗ്യ പരിപാടി എന്ന പദ്ധതിയിൻ കീഴിൽ മേൽ ബിൽ പ്രകാരമുള്ള തുക ചെലവഴിച്ചിരിക്കുന്നത് ഫർണ്ണീച്ചറുകൾ വാങ്ങുന്നതിനും കമ്പ്യൂട്ടർ വാങ്ങുന്നതിനുമായിട്ടാണ്. ഫർണ്ണിച്ചറുകൾ വാങ്ങിയിരിക്കുന്നത് പാരഡൈസ് (ഇൻവോയ്സ് 588/23.3.17 തുക 8300) എന്ന സ്ഥാപനത്തിൽ നിന്നാണ്. എന്നാൽ വാങ്ങിയ ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

കമ്പ്യൂട്ടർ വാങ്ങിയിരിക്കുന്നത് ഗ്രാന്റ് ഇൻഫോടെക് എന്ന സ്ഥാപനത്തിൽ നിന്നാണ് ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതുമാണ് (1/3 തി 20.3.19). ക്വട്ടേഷൻ / ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല വാങ്ങിയ കമ്പ്യൂട്ടർ സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

IV. ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല.

വിവിധ പദ്ധതികൾക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും വരവ് ചെലവിന്റെ വിശദാംശങ്ങൾ ക്യഷ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല.

| ക്രമ നം | പദ്ധതി നം./ പദ്ധതിയുടെ പേര് | ബിൽ നം. / തിയതി / തുക | റിമാർക്സ് |
|---|---|---|---|
| 1 | 40/19<br>സമഗ്ര ആരോഗ്യ പരിപാടി | 1)5/18-19/28.11.18/26650<br>2)19/18-19 /28.3.19 / 49144 | ചെലവ് രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 44/19<br>പി എച്ച് സി ലബോറട്ടിറിയിലേക്ക് | 1)11/18-19/29.11.18/106694<br>2) 22/18-19/28.3.19/10000 | ചെലവ് രേഖപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | ഉപകരണങ്ങൾ വാങ്ങൽ | | |
| 3 | 31/19<br>ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് | 8/18-19/20.12.18/200000 | |
| 4 | 41/19<br>പി എച്ച് സി താത്ക്കാലിക ഡോക്ടറുടെ നിയമനം | 1)20/18-19/28.3.19/55000<br>2) 24/18-19/28.3.19/4740 | |
| 5 | 39/19<br>പരിരക്ഷ – പെയിൻ ആന്റ് പാലിയേറ്റീവ് | 25/18-19/28.3.19/56460 | ചെലവ് രേഖപ്പെടുത്തിയിട്ടില്ല. |

ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 3-7 എച്ച്.എം. നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ

എച്ച്.എം. നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. എസ് എസ് എ വിഹിതം

പ്രോജക്റ്റ് നം -5/19

ബിൽ നം - 1/18-19 തിയതി . 27.7.18 തുക 1200000

പദ്ധതി പ്രകാരം എസ്.എസ്.എ.യ്ക്ക് മേൽ തുക കൈമാറിയിട്ടുണ്ടെങ്കിലും എസ്.എസ്.എ.യിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല. എസ്റ്റിമേറ്റ് തുകയുടെ 40 % മാത്രമാണ് പഞ്ചായത്ത് കൈമാറേണ്ടത്. കൂടാതെ നൽകിയ തുകയ്ക്കുള്ള വിനിയോഗ വിവരമല്ല ലഭ്യമാക്കിയിട്ടുള്ളത്. 1500000 രൂപയ്ക്കുള്ള വിനിയോഗ വിവരമാണ് ലഭ്യമാക്കിയത്. എസ്.എസ്.എ. ഹാജരാക്കിയ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് കാണിച്ചിരിക്കുന്നത് 2254352 രൂപയാണ്. ഇത് പ്രകാരം പഞ്ചായത്ത് നൽകേണ്ടുന്ന തുക 901740.80 രൂപയാണ് അധികം നൽകിയ തുക വരും വർഷങ്ങളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

ഒരു സ്പിൽ ഓവർ പദ്ധതി ഉൾപ്പെടെ തൻവർഷം രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നം 139/19

ബിൽ നം - 6/18-19 തിയതി 18.3.19 തുക 426450

2) പദ്ധതി നം 36/19

ബിൽ നം - 7/18-19 തിയതി 19.3.19 തുക 426450

<u>അപാകതകൾ</u>

1. രണ്ടു പദ്ധതികളിലും ടെണ്ടർ നടപടികളിലൂടെ വിശ്വാസ് കമ്പ്യൂട്ടേഴ്സ് (ഇൻവോയ്സ് നം.6544/18.12.18, 6543/18.12.18) എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ടെണ്ടർ അംഗീകരിക്കുന്നതിന്റെയും ടെണ്ടറിൽ പങ്കെടുക്കുന്നവരുടെയും വിവരങ്ങളൊന്നും തന്നെ ചേർക്കുന്നില്ല.

2. രണ്ട് പദ്ധതികളിലും 15 വിദ്യാർത്ഥികൾക്ക് വീതമാണ് ലാപ് ടോപ്പ് വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികളാരും തന്നെ വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. 2017-18 സ്പിൽ ഓവർ പദ്ധതിയുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ലിസ്റ്റ് കമ്മിറ്റി അംഗീകരിച്ചതായ തീരുമാനം ലഭ്യമാക്കിയിട്ടില്ല. പുതിയ പദ്ധതിയിലെ(36/19) ഗുണഭോക്താക്കൾ 13.9.17ലെ 1(2) തീരുമാനപ്രകാരം അംഗീകരിച്ച ലിസ്റ്റിൽപ്പെട്ടവരാണ്. കമ്മിറ്റി അംഗീകരിച്ച പുതിയ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകകൾ തടസ്സപ്പെടുത്തുന്നു.

III. മീറ്റിംഗ് ഹാളിലേക്ക് ആവശ്യമായ കസേരകൾ

പ്രോജക്ട് നം 138/19

ബിൽ നം 1/18-19 തി. 15.5.18 തുക 99824

പദ്ധതി പ്രകാരം കസേരകൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 5 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ആയതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ബ്യൂട്ടി ഹോം എടക്കഴിയൂർ (ഇൻവോയ്സ് നം.131/24.3.18) എന്ന സ്ഥാപനത്തിൽ നിന്നും 367 രൂപ വിലവരുന്ന 272 കസേരകൾ വാങ്ങുകയും 11 സ്കൂളുകളിലേക്ക് വിതരണം ചെയ്തതായും സ്റ്റോക്ക് രജിസ്റ്ററിൽ കാണുന്നു. രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ക്വട്ടേഷൻ അംഗീകരിച്ച കമ്മിറ്റി തീരുമാനമോ/ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല.

3. സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതായി കാണുന്നില്ല.

4. 11 സ്കൂളുകൾക്ക് വിതരണം നടത്തിയതിൽ 3 സ്കൂളുക്ൾ മാത്രമാണ് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

# 3-8 വനിതഘടക പദ്ധതിയിൽ ഉൾപ്പെടുത്തി

# പദ്ധതി നടപ്പിലാക്കി - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ ഉ (കൈ) നം 11/2018 തസ്വ ഭ വ തി. 29.1.18 ഖണ്ഡിക 6.3 പ്രകാരം വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിത ഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണെന്നും സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടകപദ്ധതിയിൽ ലക്ഷ്യമിടേണ്ടത് എന്നും, വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ മേൽ നിർദ്ദേശത്തിന് വിപരീതമായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സമഗ്ര നെൽകൃഷി വികസനം, സമഗ്ര പുരയിട കൃഷി വികസനം, നീർത്തട മാസ്റ്റർ പ്ലാൻ എന്നിങ്ങനെയുള്ള പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും പദ്ധതി/ സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-9 നീർത്തട മാസ്റ്റർ പ്ലാൻ - ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് നം 183/19

ബിൽ നം 10/18-19 തിയതി 22.12.18 തുക 54945

കൃഷി അനുബന്ധ മേഖലകളിലേക്ക് പദ്ധതികൾ നിർമ്മിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയ്ക്കു മാർഗ്ഗനിർദ്ദേശം നല്കുന്നതിനുമായി സർക്കാർ ഏജൻസിയായ ഐ.ആർ.റ്റി.സി, പാലക്കാട് മുഖേന സർവ്വേ നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി സ്പിൽ ഓവർ ആയിട്ടാണ് തൻവർഷം നടപ്പിലാക്കിയിരിക്കുന്നത്. 2017-18 വർഷത്തിൽ ഐ ആർ ടി സി യുടെ എസ്റ്റിമേറ്റ് തുകയായ 619146 രൂപയിൽ 558481 രൂപ അനുവദിച്ചിരുന്നു. 18-19 വർഷത്തിൽ മേൽ പ്രകാരമുള്ള തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഐ ആർ ടി സിയുമായുള്ള കരാറിൽ പ്രവർത്തി പൂർത്തീകരിച്ച് നീർത്തടാധിഷ്ഠിതവികസന മാസ്റ്റർ പ്ലാൻ, നീർത്തടാടിസ്ഥാനത്തിൽ സർവ്വെ നമ്പർ അടങ്ങിയ ഇടപെടൽ ഭൂപടം , മുഖ്യ ഇടപെടൽ രേഖപ്പെടുത്തിയ GIS ഭൂപടം എന്നിവ ലഭ്യമാക്കുന്നതാണെന്ന് പറയുന്നു. എന്നാൽ നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഡ്രാഫ്റ്റ് കോപ്പി ലഭ്യമായിട്ടുള്ളതായും ആയതിലെ അപാകതകൾ പരിഹരിച്ച് അന്തിമ നീർത്തട മാസ്റ്റർ പ്ലാൻ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് കരാർ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 സമഗ്ര നെൽകൃഷി വികസനം- പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രം

വാങ്ങുന്നില്ല.

പ്രോജക്ട് നം -9/19

ബിൽ നം - 11/18-19തി . 16.1.19 തുക 128400

20/18-19/28.3.19 തുക 36000

ചെക്ക് നം 2308926/27.3.19 തുക 643756

2308925/28.3.19 തുക 87992

പദ്ധതി പ്രകാരം 27 കർഷകർക്ക് നെൽവിത്ത് വിതരണവും, 36 പേർക്ക് നെൽകൃഷിയ്ക്ക് കൂലിചെലവ് അനുവദിക്കലുമാണ് നടന്നിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം സ്ഥലം സംബന്ധിച്ച് ഹാജരാക്കുന്ന കരം അടവാക്കുന്ന രശീതി ഗുണഭോക്താവിന്റെ പേരിലല്ലാത്ത സംഗതികളിൽ സ്ഥലമുടമയുടെ സമ്മതപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണെന്നിരിക്കെ അപേക്ഷയോടൊപ്പം സമ്മതപത്രം ഹാജരാക്കി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-11 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)SOO 11/19 -പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി അടങ്കൽ - 625000

ചെലവ് - 312500 (ട്രഷറി ബിൽ നം. 9/17.01.19)

പദ്ധതി പ്രകാരം 312500 രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ -ന കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2/19 മുതൽ പദ്ധതിയുടെ ഭാഗമായി കാലിത്തീറ്റ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ആയതിൽ ഒരു മാസം മാത്രമാണ്(5/19ൽ) ഗുണഭോക്താവായ ശ്രീ.മമ്മു കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളത്. തുടർന്ന് കൈപ്പറ്റാത്ത പക്ഷം ഇദ്ദേഹത്തിനു വേണ്ടി ചെലവഴിച്ച തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) SOO 10/19-മൃഗാശുപത്രിയിലേക്ക് ബില്ലിംഗ് മെഷീൻ വാങ്ങൽ

പദ്ധതി അടങ്കൽ – 15000

ചെലവ് - 12007(ട്രഷറി ബിൽ നം. 4/21.11.18)

സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭിച്ചില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3) SO 180/19-കറവയുള്ള പശു

പദ്ധതി അടങ്കൽ -140000

ചെലവ് - 60000(ട്രഷറി ബിൽ നം. 1/27.7.18)

ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ഇല്ല. ഗുണഭോക്താവായ മനേഷ് നീലംകടവിൽ 3 വർഷം പശുവിനെ വളർത്താം എന്ന കരാർ വെച്ചിട്ടില്ല.

4) SO179/19-പോത്തുകുട്ടി/കാളക്കുട്ടി വളർത്തൽ

പദ്ധതി അടങ്കൽ -176000

ചെലവ് - 16000(ട്രഷറി ബിൽ നം. 2/27.7.18-8000,3/25.10.18- 8000)

ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ഇല്ല.ഗുണഭോക്താവായ റഫീക്ക് പി എ എന്നയാൾക്ക് കൈമാറിയ ഉരുവിന്റെ വില 8000 രൂപയാണെന്നതു സംബന്ധിച്ച് ,അനുബന്ധ വിലച്ചീട്ടിൽ രേഖപ്പെടുത്തലുകളില്ല. ഉരുവിനെ വിതരണം ചെയ്ത ശ്രീ.യൂനിസ് കൈപ്പറ്റു രസീതി നൽകിയിട്ടില്ല.

5)2) SO179/19-പശു വളർത്തൽ വനിതകൾക്ക്

പദ്ധതി അടങ്കൽ -550000

ചെലവ് - 550000(ട്രഷറി ബിൽ നം. 5/21.12.18-110000, 6/22.12.18-110000, 7/11.7.19-82500, 8/17.1.19-110000, 11/25.1.19-82500, 12/25.3.19- 27500 , 13/25.3.19-27500)

ഗുണഭോക്താക്കൾ പഞ്ചായത്തുമായി പശുവിനെ വളർത്തുന്നത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല.

മുദ്രപത്രങ്ങൾ ഉണ്ടെങ്കിലും ആയതിൽ രേഖപ്പെടുത്തലുകളില്ല. പശുവിനെ കൈപ്പറ്റിയ പലരുടേയും ഭർത്താവ് ആണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. ആയതിൽ മാറ്റം വരുത്തിയത് സംബന്ധിച്ച് തീരുമാനം/സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ധന സഹായം കൈപ്പറ്റിയ ശ്രീമതി. കദീജ വീട്ടിപ്പറമ്പിൽ (ട്രഷറി ബിൽ നം .7/17.1.19) ശ്രീമതി. റംല ചക്യാം പറമ്പിൽ ( ട്രഷറി ബിൽ നം .12/25.3.19), ശ്രീമതി. കദീജ പാറാട്ട് വീട്ടിൽ ( ട്രഷറി ബിൽ നം .13/25.3.19 ) എന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്കു വേണ്ടി ചെലവഴിച്ച (27500*3)-82500 രൂപ തടസ്സപ്പെടുത്തുന്നു

# 3-12 തനതു ഫണ്ട് വൗച്ചറുകളിലെ അപാകതകൾ

2018-19 വർഷത്തെ തനതു ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)വൗച്ചർ നം. 21800207/14.06.18 പ്രകാരം 11608 രൂപ ആസാദ്, സീനിയർ ക്ലർക്ക് എന്നവരുടെ മെഡിക്കൽ അഡ്വാൻസ് ക്രമീകരിക്കുന്നതിലേക്കായി ചെലവു ചെയ്തിട്ടുണ്ട്. 23/8/16-നാണ് ശ്രീ. ആസാദിന് അമ്മയുടെ ഹൃദയ ശസ്ത്രക്രിയക്കായി അഡ്വാൻസ് അനുവദിച്ചത് ആയതിൽ വൗച്ചർ

പ്രകാരം ക്രമീകരിച്ച 11608 രൂപ ഒഴികെയുള്ള 88932 രൂപ നാളിതുവരെ ക്രമീകരിക്കുകയോ തിരിച്ചടവാക്കുകയോ ചെയ്തിട്ടില്ല.

2) വൗച്ചർ നം.2180026/19.7.18- ഏരിയമ്മൽ കുടിവെള്ള പദ്ധതിയുടെ 9/15 മുതൽ 4/18 വരെയുള്ള വൈദ്യുതി ചാർജ് കുടിശ്ശിക 3065 രൂപ അടവാക്കിയിട്ടുണ്ട്. കുടിശ്ശിക തുക തനതുഫണ്ടിൽ നിന്നും അടവാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയ തീയതി അറിയിക്കേണ്ടതാണ്.

3) പർച്ചേസ് ബില്ലുകളിൽ സ്റ്റോക്ക് രേഖപ്പെടുത്തൽ സംബന്ധിച്ച സാക്ഷ്യപത്രങ്ങളില്ല. ഉദാ. വൗച്ചർ നം.21800615/ 21.11.18 പ്രകാരം Dot matrix printer-ന്റെ വില നൽകി. ബില്ലിൽ സ്റ്റോക്ക് രേഖപ്പെടുത്തിയത് സംബന്ധിച്ച സാക്ഷ്യപത്രമില്ല. ആയതിനാൽ പർച്ചേസ് ചെയ്ത ഇനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല.

4) പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 63875 രൂപ അടവാക്കി വരുന്നു. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-13 രേഖകൾ ഹാജരാക്കിയിട്ടില്ല

പുന്നയൂർ സർക്കിൾ വി.ഇ.ഒ. ആയിരുന്ന ശ്രീ.ദീപക്.സി.ആർ. നടപ്പാക്കിയ പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| പദ്ധതി | ചെലവ്(സുലേഖ പത്രിക പ്രകാരം ) |
|---|---|
| S047/19—മേൽക്കൂര മാറ്റി പുതിയ മേൽക്കൂര പണിയൽ | 609000 |
| S140/19--മേൽക്കൂര മാറ്റി പുതിയ മേൽക്കൂര പണിയൽ(SO) | 12000 |
| S141/19--ഭവനപുനരുദ്ധാരണം | 1470000 |
| ആകെ | 2091000 |

ട്രഷറി ബിൽബുക്ക് പ്രകാരം ചെലവ്

| ബിൽ നം | തുക | പദ്ധതി |
|---|---|---|
| 1/18-19/17.5.18 | 630000 | S141/19 |
| 2/18-19/17.5.18 | 765000 | S141/19 |
| 3/18-19/17.5.18 | 12000 | S140/19 |
| 4/18-19/17.5.18 | 30000 | S141/19 |
| 5/18-19/17.5.18 | 45000 | S141/19 |
| 6/HM/18-19/30.7.18 | 72000 | S047/19 |
| 7/HM/18-19/30.7.18 | 45000 | S047/19 |
| 8/HM/18-19/30.7.18 | 93000 | S047/19 |

| | | |
|---|---|---|
| 9/HM/18-19/14.9.18 | 369000 | S047/19 |
| 10/HM/18-19/14.9.18 | 30000 | S047/19 |

ഓഡിറ്റ് എൻക്വയറി (12/10.7.19)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 2091000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-14 ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വി.ഇ.ഒ. തൻവർഷം സ്പിൽ ഓവറായി നടപ്പാക്കിയ S191/19—ഭവനനിർമ്മാണം (ജനറൽ) എന്ന പദ്ധതി 2015-16ൽ ആരംഭിച്ചതാണ്. തൻവർഷം 180000 രൂപ ചെലവുണ്ട്.

ബിൽ നം.--02/18-19/31.10.18---40000

09/18-19/14.01.19-- 60000

15/18-19/15.3.19-- 80000

രണ്ട് ലക്ഷം രൂപ വീതം ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതിയിൽ 9 പേർ ഇപ്പോഴും വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര് | കൈപ്പറ്റിയ തുക |
|---|---|
| ഹസീന അക്ബർ കോൽക്കാരൻ | 140000 |
| ഷാഹിന ലത്തീഫ് മുക്കിലപ്പീടികയിൽ | 180000 |
| നബിസ ബാപ്പുട്ടി | 180000 |
| ആച്ചുമ്മ തെക്കേത്തലക്കൽ | 180000 |
| പാത്തുട്ടി കല്ലംപുള്ളി | 180000 |
| റസിയ നൂറുദ്ദീൻ | 180000 |
| സഫീന കബീർ | 260000<br>(Life ൽ ഉൾപ്പെടുത്തി) |
| സരിത സുരേഷ് | 180000 |
| സുലൈഖ ഇസ്മയിൽ | 120000 |

ഇവരിൽ ഹസീന അക്ബർ കോൽക്കാരൻ,ആച്ചുമ്മ തെക്കേത്തലക്കൽ എന്നിവർ അനുവദനീയമായ അളവിലും കൂടുതൽ ഉള്ള വീടുകൾ ആണ് നിർമ്മിച്ചതെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടതായി വി ഇ ഒ അറിയിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് നൽകിയ തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 3-15 വിനിയോഗവിവരം,കൈപ്പറ്റ് രസീത് എന്നിവ ലഭിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭിച്ചിട്ടില്ല

| പദ്ധതി | ബിൽ നം., തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| S035/19-- PMAY പദ്ധതി 2018-19 വർഷത്തിലെ വിഹിതം | 11/18-19/31.7.18-- 1050000 | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം, ധനസഹായം നൽകിയ വിവരം എന്നിവ ഇല്ല |
| S024/19—തെരുവുവിളക്കിന് വേണ്ടിപുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ 20 വാർഡിലും | 27/18-19/31.10.18-- 350000 | KSEB വിശദമായ എസ്റ്റിമേറ്റ് ഇല്ല |
| S002/19—IKMപ്രവർത്തനഫണ്ട്, വരിസംഖ്യ | 22/18-19/27.10.18-- 103088 | IKM |
| S033/19—വിജ്ഞാൻസാഗർ അനുബന്ധപ്രവർത്തനങ്ങൾ --വിഹിതം നൽകൽ | 05/18-19/26.7.18-- 50000 | ജില്ലാപഞ്ചായത്ത് |
| S197/19—അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം | 32/18-19/20.12.18-- 722700 | സാമൂഹ്യനീതിവകുപ്പ് |
| S027/19—സാമൂഹ്യസുരക്ഷാമിഷൻ തുക നൽകൽ | 02/18-19/26.7.18-- 250000 | സാമൂഹ്യസുരക്ഷാമിഷൻ |

S024/19 പദ്ധതിക്കായി തുകഅടവാക്കിയപ്പോൾ ഇതേ ആവശ്യത്തിന് മുൻവർഷങ്ങളിൽ നൽകിയ 98365 രൂപ KSEBയിൽ ഉണ്ടെന്ന് പുന്നയൂർക്കുളം കെ എസ് ഇ ബി അസിസ്റ്റന്റ് എഞ്ചിനീയർ, 25.6.18 ലെ DB20/2018-19/33 കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. മാത്രമല്ല വാർഡ് 1,19,4 കൾക്കായി യഥാക്രമം 82225, 14700, 14910 രൂപ വീതം അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ ഇല്ല. 2017-18 വർഷം ഇതേ ആവശ്യത്തിനായി S229/18, S020/18, S022/18 പദ്ധതികളിലായി 1104535 രൂപ

അടവാക്കിയിട്ടുള്ളതാണ്. ഈ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. ഇക്കാര്യത്തിൽ കൃത്യത വരുത്തേണ്ടതും ഏതെല്ലാം വാർഡുകളിലാണ് പ്രവൃത്തി പൂർത്തിയാക്കിയതെന്നും ഉള്ള വിശദമായ രേഖകൾ (ഫൈനൽ ബിൽ, പൂർത്തീകരണസാക്ഷ്യപത്രം, ധനവിനിയോഗപത്രം എന്നിവ) ലഭ്യമാക്കേണ്ടതും ഈയിനത്തിൽ അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

തുക കൈപ്പറ്റിയ ഏജൻസികളിൽ നിന്ന് വിനിയോഗപത്രം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 സാധനങ്ങൾ വാങ്ങൽ നടപടികൾ -- അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ വാങ്ങുന്ന നടപടിക്രമങ്ങളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

a)സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഓരോ ഇനങ്ങളും ബിൽ നമ്പർ, തീയതി എന്നിവ ചേർത്ത് പ്രത്യേകം പേജ് നമ്പർ നൽകി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. വർഷാന്ത്യപരിശോധന നടത്തുന്നില്ല. സാധനങ്ങളുടെ വാല്യൂ ചേർക്കുന്നില്ല.

b) നിരതദ്രവ്യം ഡെപ്പോസിറ്റ് രസീതായി വാങ്ങുന്നു

i) S026/19—പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

ബിൽ നം.-- 38/18-19/23.1.19---125550

വിശ്വാസ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം ഇ.എം.ഡി. ആയി നൽകിയത് യൂകോബാങ്കിന്റെ ഡെപ്പോസിറ്റ് രസീതാണ് (3750രൂപ). ആയതിന് 3.12.18 വരെയാണ് കാലാവധി. പദ്ധതി പൂർത്തിയാകുന്നത് വരെയുള്ള കാലാവധി ഇല്ല. നിരതദ്രവ്യം ഡെപ്പോസിറ്റ് രസീതായി സ്വീകരിക്കുവാൻ പാടില്ല. വാങ്ങിയ ഇനങ്ങൾ ഏത് സെക്ഷനിലാണ് ഉപയോഗിക്കുന്നത് എന്ന് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(ജി ഒ(പി)3/2013 SPDതീയതി 21.6.13 ഖ.8.12---8.13)

ii) S132/19—വരൾച്ച രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണം

ബിൽ നം.-- 37/18-19/16.1.19–296400

അഷ്കർ കുന്നമ്പത്ത് എന്ന കരാറുകാരൻ പുന്നയൂർ പഞ്ചായത്ത് സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ 50000 രൂപയുടെ FD രസീത് (22.3.18 വരെ കാലാവധി), ഫെഡറൽ ബാങ്ക്, അണ്ടത്തോട് 9500 രൂപയുടെ ഡെപ്പോസിറ്റ് രസീത് എന്നിവയാണ് ഹാജരാക്കിയിട്ടുള്ളത്.

iii) ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളെ നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നിവ അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്ന് അവകാശപ്പെടുന്നതായി കാണുന്നു. എന്നാൽ ഇവ നിലവിൽ ഇളവിന് അർഹതയുള്ളതിന്റെ സർക്കാർ ഉത്തരവ് ഹാജരാക്കുന്നില്ല. സർക്കാർ ഉത്തരവ് ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്കുമാത്രമേ ഇത്തരം ഇളവുകൾ നൽകേണ്ടതുള്ളൂ.

c)ടെണ്ടർ നടപടികൾ – വേണ്ടത്ര പ്രചാരണം നൽകുന്നില്ല.

ടെണ്ടർ സമർപ്പണത്തിന് വേണ്ടത്ര സമയം നൽകിയിട്ടില്ല.

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങലുകൾക്ക് സ.ഉ.(പി)നം.259/10/തസ്വഭവ തീയതി 08-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയാണ് ബാധകം. മേൽ മാർഗ്ഗരേഖ പ്രകാരം മതിപ്പുവില 1,00,000/- രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങലുകൾക്കും ഓപ്പൺ ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. പരസ്യതീയതി മുതൽ 21 ദിവസം ടെണ്ടർ ഫോറം വില്പന നടത്തേണ്ടതാണ്.

| പദ്ധതി | അടങ്കൽ | ടെണ്ടർ നോട്ടീസ് തീയതി | ടെണ്ടർ അവസാനതീയതി |
|---|---|---|---|
| S026/19—പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധഉപകരണങ്ങൾ വാങ്ങൽ | 150000 | 24.10.18 | 9.11.18 |
| S132/19—വരൾച്ച രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണം | 300000 | 27.2.18 | 8.3.18 |
| S133/19 -തെരുവുവിളക്കുകൾ റിപ്പയർ,അനുബന്ധഉപകരണങ്ങൾ വാങ്ങലും | 450000 | 27.2.18 | 8.3.18 |
| S134/19-പഞ്ചായത്ത് മീറ്റിംഗ് ഹാൾ,കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരണം | 250000 | 27.2.18 | 8.3.18 |

അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 ആദായനികുതി ഈടാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ S001/19— പദ്ധതി രൂപീകരണവും നിർവഹണവും എന്ന പദ്ധതിയിൽ അച്ചടി ജോലികൾ ഏറ്റെടുത്തു നടത്തിയ റീസന്റ് പ്രിന്റേഴ്സ്, പഴഞ്ഞി എന്ന സ്ഥാപനത്തിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല.

| ബിൽ നം. | തുക | റീസന്റ് പ്രിന്റേഴ്സിന് നൽകിയത് |
|---|---|---|
| 21/18-19/27.10.18 | 113898 | 67310 |
| 41/18-19/05.02.19 | 50439 | 46180 |

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000 രൂപയിൽ കൂടുതൽ ഉള്ള ഓരോ കോൺട്രാക്റ്റിനും 1% നികുതി സോഴ്സിൽ നിന്നും ഈടാക്കേണ്ടതാണ്.

വരും വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ആദായനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 തെരുവുവിളക്ക് - പഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല

2018-19 വർഷം തെരുവുവിളക്കുകളുടെ റിപ്പയർ, വാങ്ങൽ എന്നിവക്കായി സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെച്ചേർക്കുന്നു.

1.S028/19—തെരുവുവിളക്ക് റിപ്പയർ

അടങ്കൽ ---350000

ബിൽ നം.--49/18-19/20.3.19--- 349980

ഉഷ ഇലക്ട്രോണിക്സ്, പട്ടാമ്പി എന്ന സ്ഥാപനത്തിൽ നിന്ന് 1842 എണ്ണം 14W LED വിളക്കുകളും അനുബന്ധ ഉപകരണങ്ങളും (ഇൻസ്റ്റലേഷൻ ചാർജ് അടക്കം) വാങ്ങി. ഇവ 20 വാർഡുകളിലും സ്ഥാപിച്ചതായി ഫയലിൽ ചേർത്തിട്ടുണ്ട്.

2.S196/19–20 വാർഡുകളിൽ ഷെയ്ഡും LED ബൾബുകളും സ്ഥാപിക്കൽ

അടങ്കൽ ---350000

ബിൽ നം.--50/18-19/20.3.19---349980

ഉഷ ഇലക്ട്രോണിക്സ്, പട്ടാമ്പി എന്ന സ്ഥാപനത്തിൽ നിന്ന് LED വിളക്കുകളും അനുബന്ധഉപകരണങ്ങളും (ഇൻസ്റ്റലേഷൻ ചാർജ് അടക്കം)വാങ്ങി. ഇവ 20 വാർഡുകളിലും സ്ഥാപിച്ചതായി ഫയലിൽ ചേർത്തിട്ടുണ്ട്.

3.S133/19 -തെരുവുവിളക്കുകൾ റിപ്പയർ, അനുബന്ധഉപകരണങ്ങൾ വാങ്ങലും (സ്പിൽ ഓവർ)

അടങ്കൽ --450000

ബിൽ നം.-- 42/18-19/25.1.19---448250

എഡിസണ് ഇലക്ട്രോണിക്സ് എറണാകുളം എന്ന സ്ഥാപനത്തിൽ നിന്ന് 163 എണ്ണം 24W LEDബൾബുകളും അനുബന്ധഉപകരണങ്ങളും വാങ്ങി. ഇവ 20 വാർഡുകളിലും സ്ഥാപിച്ചതായി ഫയലിൽ ചേർത്തിട്ടുണ്ട്.

4. S188/19—പഞ്ചായത്തിലെ നിലവിലുള്ള CFLതെരുവുവിളക്കുകൾ, മറ്റു വിളക്കുകൾ, റിപ്പയർ ചെയ്യലും മാറ്റി സ്ഥാപിക്കലും (സ്പിൽ ഓവർ)

തൻവർഷ അടങ്കൽ --- 122885(ആകെ 350000 രൂപയുടെ പദ്ധതി)

കരാറുകാരൻ --- ടി.വി വിശ്വംഭരൻ,കാട്ടൂർ

ചെക്ക് നം.--0871122/27.7.18--- 119385

2016-17 ൽ തുടങ്ങിയ പദ്ധതിക്ക് 227115 രൂപ മുൻവർഷം ചെലവഴിച്ചു.

റിപ്പയർ വിവരം

ഹൈമാസ്റ്റ്--4എണ്ണം*49500=198000

മെറ്റൽ ഹാലൈഡ്--23 എണ്ണം*4950=113850

സോഡിയം വേപ്പർലാമ്പ് --- 12എണ്ണം*3950=47400

ആകെ--- 359250

5. S189/19—പഞ്ചായത്തിലെ നിലവിലുള്ള ഡബിൾ ട്യൂബ് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികളും കേടുവന്നവ മാറ്റി സ്ഥാപിക്കലും(സ്പിൽ ഓവർ)

തൻവർഷ അടങ്കൽ-- 152775(ആകെ 450000 രൂപയുടെ പദ്ധതി)

കരാറുകാരൻ --- ടി.വി വിശ്വംഭരൻ,കാട്ടൂർ

ചെക്ക് നം.--0871122/27.7.18--- 145800

മുൻവർഷം പദ്ധതിക്കായി 297225 രൂപ ചെലവഴിച്ചു.

895 ഡബിൾ ട്യൂബുകൾ 500 രൂപ നിരക്കിൽ റിപ്പയർ ചെയ്തതായി ഫയലിൽ ഉണ്ട്.

ഇത്രയും വിളക്കുകൾ പഞ്ചായത്തിൽ ഉണ്ടെന്നുള്ള യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകൾ

(1) S028/19—തെരുവുവിളക്ക് റിപ്പയർ, S196/19-20 വാർഡുകളിൽ ഷെയ്ഡും LEDബൾബുകളും സ്ഥാപിക്കൽ രണ്ട് പദ്ധതികൾക്കും കൂടി 700000(350000+350000)രൂപയാണ് അടങ്കൽ. ഒരേ ആവശ്യത്തിന് രണ്ട് പദ്ധതികൾ നടപ്പാക്കി. ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

(2) പുതിയ വിളക്കുകൾ സ്ഥാപിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. അതേസമയം ഈ പോസ്റ്റുകളിൽ നിലവിലുണ്ടായിരുന്ന ലൈറ്റുകൾ എന്തു ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

(3) പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം ഇനം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(4) 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(5) തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുൻപ് കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല.

(6) പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയതനുസരിച്ചുമാത്രം വാങ്ങൽ റിപ്പയർ പ്രവൃത്തികൾ ചെയ്യിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തെരുവുവിളക്ക് റിപ്പയർ എല്ലാ വർഷവും നടത്തുന്ന ആവർത്തനച്ചെലവായതിനാൽ പദ്ധതിപ്പണം പാഴാകാതെ ഉപകാരപ്രദമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-19 കുടിവെള്ള വിതരണം --അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ S132/19—വരൾച്ച രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണം

ബിൽ നം.-- 37/18-19/16.1.19--- 296400

ചെക്ക് നം.-- 2325627/16.1.19---251270-- അഷ്കർ,കുന്നമ്പത്ത്

23/2/17 ലെ സ.ഉ. (സാധാ)787/17/ഡിഎംഡി ഉത്തരവ് പ്രകാരം സ്വകാര്യ സ്രോതസ്സിലെ ജലം കുടിക്കാൻ യോഗ്യമാണെന്ന് ജല അതോറിറ്റിയോ, ഭക്ഷ്യ വകുപ്പോ, ആരോഗ്യ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ വാടകക്ക് എടുക്കുന്ന ടാങ്കറിന്റെ വാടക നല്കുമ്പോൾ GPS ലോഗും ട്രിപ്പ് ഷീറ്റും ഒത്തുനോക്കി കിലോമീറ്റർ GPS ലോഗിൽനിന്നും നിർണ്ണയിച്ച് ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വെള്ളം വിതരണം നടത്തുന്ന ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും 2011 ലെ Food Safety & Standards Regulation പ്രകാരമുള്ള FBO ലൈസൻസ് ഉണ്ടായിരിക്കേണ്ടതുമാണ്. ഈ മാനദണ്ഡങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല.

വിതരണത്തിനുള്ള കുടിവെള്ള സാമ്പിളുകൾ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിച്ച് സീൽ ചെയ്ത് മെഡിക്കൽ ഓഫീസറുടെ കത്ത് സഹിതം വാട്ടർ അതോറിറ്റി ലാബിൽ ടെസ്റ്റ് ചെയ്യേണ്ടതാണ്. ഈ നിർദ്ദേശം എല്ലാ തസ്വഭവ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുള്ളതുമാണ്. എന്നാൽ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി കണ്ടെത്തിയ സ്രോതസ്സ് ഏതാണെന്നോ, ആരോഗ്യ വകുപ്പിന്റെ പരിശോധന നടന്നതായോ കാണുന്നില്ല.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 16.4.18ലെ 1131/18 കത്തുപ്രകാരം കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

കുടിവെള്ള വിതരണത്തിൽ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നുവെന്നും കുടിവെള്ള വിതരണം കുറ്റമറ്റതും സുതാര്യവുമായ രീതിയിൽ കാര്യക്ഷമമായി നടക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | S0014/18 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 250000 | 0 |
| ,, | ,, | 39 പാലിയേറ്റീവ് കെയർ യൂണിറ്റ് | 200000 | 200000 | 0 |
| ,, | ,, | 46,ലൈഫ് ഭവന പദ്ധതിക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം | 7264795 | 7264795 | 0 |
| ,, | ,, | പനന്തറ എസ് സി കോളനി സമഗ്ര വികസനം | 1000000 | 220000 | 780000 |
| ,, | ,, | 200 മന്ദലാംകുന്ന് ചിൽഡ്രൻസ് പാർക്ക് | 500000 | 140000 | 360000 |
| ,, | ,, | ബഡ്സ് സ്കൂൾ | 600000 | 253818 | 346182 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | സമഗ്ര നെൽകൃഷി വികസനം | 900000 | 731748 | 168252 |
| ,, | ,, | S0014/18 മാനസിക വെല്ലുവിളി | 343515 | 343515 | 0 |

| | | | | | |
|---|---|---|---|---|---|
| | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | | |
| ,, | 2018-19 | ആർ പി മൊയ്തൂട്ടി സാഹിബ് പനന്തറ എസ് സി ലിങ്ക് റോഡ്-ഫസ്റ്റ് സെക്കന്റ് ടാറിങ്ങ് | 1400000 | 0 | 1400000 |
| ,, | ,, | 83, റോഡ് ടാറിംഗ് | 350000 | 0 | 350000 |
| ,, | ,, | 82റോഡ് മെറ്റലിംഗ് &ടാറിംഗ് | 340095 | 0 | 340095 |

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ KSEB, Costford എന്നിവക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | വൗച്ചർ നം/ ബിൽ നം./ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്കിന് ലൈൻ വലിക്കൽ, വാർഡ് 20 | 27/31 10.18 | 350000 | 0 | 350000 |
| കോസ്റ്റ്ഫോർഡ് | പനന്തറ എസ് സി കോളനി സമഗ്ര വികസനം | ലഭ്യമല്ല | 220000 | 0 | 220000 |
| ,, | മന്ദലാംകുന്ന് ചിൽഡ്രൻസ് പാർക്ക് | ലഭ്യമല്ല | 140000 | 0 | 140000 |
| ,, | കാർഷിക സമുച്ചയവും | 67/ 27.3.19 | 360000 | 0 | 360000 |

| | | | | | |
|---|---|---|---|---|---|
| | സംഭരണ ശാലയും | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC (ലൈഫ് പദ്ധതി) | | 2611585 | 0 | 0 | 0 | 2611585 |
| HUDCO (ലൈഫ് പദ്ധതി | | 16620000 | 0 | 0 | 0 | 16620000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 4-3-2-12 | 2014-15 | 4.3.12 | മല്ലിക, പുന്നയൂർ ഹൗസ് പുന്നയൂർ എന്നയാൾക്ക് കർഷകത്തൊഴിലാളി പെൻഷൻ രണ്ടു തവണ അനുവദിച്ചു. അധികം നൽകിയ തുക 4800 രൂപ തിരിച്ചടക്കണം | 4,800/- രൂപ 11504104874/ 28.03.2016 രശീതി പ്രകാരം തിരികെ ഈടാക്കി 27/29.03.2016 ചലാൻ പ്രകാരം കർഷകത്തൊഴിലാളി പെൻഷൻ ഹെഡിൽ തിരിച്ചടച്ചു. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 128684678 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95664024 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3334486 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6-II | 159118 | ഡോ.നിത.ടി.ജി, മെഡിക്കൽഓഫീസർ പിഎച്ച്സി പുന്നയൂർ |
| 3-6-III | 49144 | ഡോ.നിത.ടി.ജി,മെഡിക്കൽഓഫീസർ പിഎച്ച്സിപുന്നയൂർ |
| 3-7-II | 852900 | ശ്രീമതി .നസീമ ബീഗം ഹെഡ്മിസ്ട്രസ്, ജിഎൽപിഎസ് എടക്കഴിയൂർ |
| 3-7-III | 99824 | ശ്രീമതി .നസീമ ബീഗം ഹെഡ്മിസ്ട്രസ്, ജിഎൽപിഎസ് എടക്കഴിയൂർ |
| | | |

| | | |
|---|---|---|
| 3-11-5 | 82500 | ഡോ.സഹീർ അബ്ദു,<br>വെറ്ററിനറി സർജൻ<br>ഗവ.വെറ്ററിനറി ഡിസ്പെൻസറി ,പുന്നയൂർ |
| 3-13 | 2091000 | ദീപക് സി ആർ,<br>വി ഇ ഒ |
| ആകെ | 3334486 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 65-66 മുതൽ 93-94 വരെ | നം.എൽ.എഫ്.ടി.(എസ്2) -1315/11/ 14-07.2011 |
| 96-97 | നം.എൽ.എഫ്.ടി. 17/560/98/30-08-98 / 31-12-98 |
| 97-98 | നം.എൽ.എഫ്.ടി. 13/14/1456/04-02-05 |
| 98-99 | നം.എൽ.എഫ്.ടി. 13/1455/04/02-05-05 |
| 99-00 | നം.എൽ.എഫ്.ടി. 13/1454/04/02-05-05 |
| 00-01 | നം.എൽ.എഫ്.ടി. 13/1453/04/02-05-05 |
| 01-02 | നം.എൽ.എഫ്.ടി. 13/1203/03/11-05-04 |
| 02-03 | നം.എൽ.എഫ്.ടി. 13/1030/08/31-03-09 |

| | |
|---|---|
| 03-04 | നം.എൽ.എഫ്.ടി. 13/1031/08/31-03-09 |
| 04-05 | നം.എൽ.എഫ്.ടി.13/1032/08/31-03-09 |
| 05-06 | നം.എൽ.എഫ്.ടി. 13/238/10/28-01-2011 |
| 07-08 | നം.എൽ.എഫ്.ടി. 13/1215/10/24-02-11 |
| 08-09 | നം.എൽ.എഫ്.ടി. 13/1216/10/,26-02-11/06-09-11 |
| 09-10 | നം.എൽ.എഫ്.ടി.പി. 4/1094/12,12-09-12 /5-03-13 |
| 10-11 | നം.എൽ.എഫ്.ടി.പി.4/1095/12,12-09-12 /05-03-13 |
| 11-12 | നം.എൽ.എഫ്.ടി.പി. 8/195/1407-02-14 / 08-04-14 |
| 12-13 | നം.എൽ.എഫ്.ടി.പി. 8/1761/1410-06-15 /3-08-15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1180/16/15.2.16/8.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1227/2016, 24.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8)6/2017, 27.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1714/2017, 29.11.2017/11.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1726/2018, 04.02.19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ